## യോഹന്നാൻ 7:37-39,8:12-20

## ജീവന്റെ നിറവും പ്രകാശത്തിന്റെ ജീവനും

---

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലെ ജീവന്റെ വചനങ്ങൾ നമ്മോടു പറയുന്നത് ജീവജലത്തിന്റെ മറ്റൊരു സുവിശേഷം ആയി ജീവിക്കുവാൻ ആണ്. ജീവജലതിന്റെയും പ്രകാഷങ്ങളുടെയും ഗോപുരങ്ങളും ഉറവകളും ആയി ഈ ലോകത്തിൽ ജീവിക്കുവാൻ ആണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപെട്ടിരിക്കുന്നത്.

യേശു ലോകത്തിലേക്ക് കടന്നു വന്നത് ഇവിടെ ജീവൻ ഉണ്ടാക്കുവാനും അത് നന്നായി ഉണ്ടാക്കുവാനും ആണ്. എന്താണ് ഈ ജീവനും ജീവജലവും പ്രകാശവും മറ്റും.

വചനത്തിലൂടെ കടന്നു പോകുമ്പോൾ നമുക്ക് മനസ്സിലാകും ജീവന്റെ ഉറവിടം, ചലനത്തിന്റെ ഉറവിടം, വചനത്തിന്റെ ഉറവിടം, അറിവിന്റെ ഉറവിടം എല്ലാം പരിശുധാട്മാവ് അല്ലെങ്ങിൽ ത്രിതൈക ദൈവം ആണെന്നത്.

ശ്വസിക്കുന്നത് മാത്രമാണ് മനുഷ്യന്റെ ജീവന്റെ ലക്ഷണം എന്നാണ് നമ്മുടെ സാധാരണ ഭാഷയിലെ ജീവന്റെ അർഥം. എന്നാൽ കർത്താവ് നമ്മളെ പഠിപ്പിക്കുന്നു പാപത്തിന്റെ അടിമ ആയവൻ മൃതൻ ആണെന്ന്. ശ്ലീഹ നമ്മെ ഓർമിപ്പിക്കുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. ധൂർത്തപുത്രന്റെ ഉപമയിലെ പുത്രൻ പാപം ചെയ്തു മ്രിതനായവന് തുല്യനായി തീർന്നു. അപ്പോൾ പാപവസ്ഥയിൽ തുടരുന്നവർ മരിച്ചവർക്ക് തുല്യൻ ആണ്. ജീവൻ എന്ന് പറയ്ന്നത് ദൈവീക പരിപാലനയിൽ, പ്രസരിപ്പിൽ ആയിരിക്കുന്നതും ആണെന്ന് വരുന്നു.

മനുഷ്യൻ പാപം ചെയ്തു മരിച്ചവരെ പോലെ ആകുന്നു. ആത്മാവിൽ മരിച്ചു ജടത്തിൽ ജീവന്റെ ലക്ഷണം വെച്ച്

ജീവിക്കുന്നവൻ. അതുകൊണ്ടാണല്ലോ നാം മരിച്ചവരെ പോലെ ജീവിക്കുന്നത് കൊണ്ടാണല്ലോ നമ്മുടെ ജീവന്റെ നിറവിനും അതിന്റെ പൂർണതയ്ക്കും ആയി മിശിഹാ കർത്താവ് ഈ ലോകത്തിലേക്ക് വന്നത്. അവിടുന്ന് നമ്മുടെ പാപത്തിന്റെ പരിഹാരത്തിനും ജീവന്റെ ഉത്പാദനത്തിനും ആയി നമ്മുടെ ഇടയിൽ പച്ച മനുഷ്യൻ ആയി, പാപത്തിൽ മാത്രം മരിക്കാതെ ആത്മാവിൽ ജീവിച്ചു.

അപ്പോൾ എന്താണ് ജീവൻ? ഞാൻ വന്നിരിക്കുന്നതും ജീവൻ ഉണ്ടാകുവാനും അത് ധാരാളമായി ഉണ്ടാകുവാനും ആണെന്ന് കർത്താവ് പറയുന്നു. അപ്പോൾ നാം ജീവിക്കുനത് എപ്രകാരം ഉള്ള ജീവൻ ആണ്. അത് നിറവുള്ള ജീവിതം അല്ലെന്നല്ലേ കർത്താവ് അർഥമാക്കുന്നത്. അപ്പോൾ നിറവുള്ള ജീവിതം എന്താണ്?

പരിശുദ്ധ ആത്മാവ് നിറഞ്ഞ, പാപം ഇല്ലാത്ത ജീവിതം ആണ്, കർത്താവ് അർഥം ആക്കുന്ന, മരണം ഇല്ലാത്ത ജീവിതവും നിറവുള്ള ജീവിതവും. അതിനു ഓരോരുത്തനും പരിശുദ്ധ ആത്മാവിനാൽ നിരയപ്പെടണം, ജീവിക്കണം. അതിനു നമുക്ക് ആത്മാവിനാൽ നിറയാൻ ശ്രമിക്കാം. ജീവന്റെ നിറവിനായി പ്രാർത്ഥിക്കാം. പാപത്തിന്മേൽ കർത്താവിനെ പോലെ ജയിച്ചവരായി ജീവിക്കാം.

ജീവന്റെ പ്രകാശം നൽകി ഈ ലോകത്തിൽ ജീവിക്കുന്നത് എപ്പോളും വെല്ലുവിളിയുള്ള ജീവിതം ആണ്. അതായത് സത്യത്തിനു സാക്ഷ്യം നൽകിയില്ല ഒരു ജീവിതം ആണ് നാം നയിക്കാൻ നിർബന്ധിതർ ആകുക. അപ്പോൾ അസത്യത്തെ സ്നേഹിക്കുന്നവരുടെ എതിരാളി ആയി തീരും നാം. യേശുവിനും സംഭവിച്ചത് അത് തന്നെയാണ്. സത്യത്തിനു സാക്ഷ്യം വഹിക്കാൻ വന്നവനെ അസത്യവാദികൾ കുരിശിൽ തറച്ചു.

നീ എപ്പോൾ സത്യത്തിന്റെയും വചനതിന്റെയും, പ്രകാശത്തിന്റെയും ജീവിതം തിരഞ്ഞെടുക്കുന്നുവോ, മനസ്സിലാക്കുക, നീ തിരഞ്ഞെടുത്തിരിക്കുന്നത്, കുരിശിന്റെ വഴി ആണെന്ന്. ആ പാതയിൽ മുന്നേറാൻ ആത്മാവിന്റെ നിരവിനായി പരിശ്രമിക്കുവിൻ.

Fr. Shyju Naduvathaniyil, Diocese of Palghat.